നടക്കുന്നില്ല. ഈ പദ്ധതി ഗവൺമെന്റ് വളരെ താല്പര്യത്തോടുകൂടിയാണ് കാണുന്നത്. അടുത്ത ഫെബ്രുവരിയിൽ ഇതിന്റെ വലിയൊരു ശതമാനം പണി പൂർത്തീകരിക്കണം. അല്ലെങ്കിൽ വേൾഡ് ബാങ്കിന്റെ റിമാർക്ക് വരും. ഈ പണി പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുവേണ്ടി സ്ഥലം എം. പി.-യുടെയും ശ്രീ. റ്റി. വി. രാജേഷിന്റെയും ശ്രീ. കെ. എം. ഷാജിയുടെയും മറ്റ് ജനപ്രതിനിധികളുടെയുമൊക്കെ പിന്തുണയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. റെയിൽവേ ഗേറ്റ് അടച്ചിട്ടിരിക്കുന്നതിനാൽ യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ വാഹനഗതാഗതം തിരിച്ചുവിടുന്നതിനായി രണ്ട് കോടി രൂപ ചെലവഴിച്ച് ആറ് സമാന്തര പാതകൾ ഗതാഗത യോഗ്യമായിട്ടുണ്ട്. രണ്ട് റെയിൽവേ മേൽപ്പാലങ്ങളുൾപ്പെടെ ഈ റോഡിന്റെ നിർമ്മാണം 2016 ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോൾ ഒൻപത് കിലോമീറ്ററോളം റോഡ് പണി പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം വേണമെങ്കിൽ ചെയ്യാം. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതു പോലെ ഈ റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

18. മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണം

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയിലുണ്ടായ കാലതാമസം ഒഴിവാക്കി പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കോഴിക്കോട്-പാലക്കാട് റോഡിലെ N.H. 966- ലുള്ള മണ്ണാർക്കാട് പട്ടണത്തിലെ ശ്രക്ഷമായ ഗതാഗതക്കുരുക്ക് എല്ലാവരും അനുഭവിച്ചിട്ടുള്ളതാണ്. മണ്ണാർക്കാട് ബൈപ്പാസ് എന്നതാണ് അതിനുള്ള പരിഹാരം. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് മുപ്പത് കോടി രൂപ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി ഇയർ പ്ലാനിൽ അനുവദിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കലിനും അലൈൻമെന്റിനും വേണ്ടിയാണ് ഈ പണം അനുവദിച്ചിട്ടുള്ളത്. അതിന്റെ പ്രവൃത്തികൾ വളരെ മന്ദഗതിയിലാണ്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുംവേണ്ടിയുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടേയും ഡിപ്പാർട്ടുമെന്റിന്റേയും ഭാഗത്തുനിന്നുമുണ്ടാകണം.

എൻ.എച്ച്.-ലുള്ള രണ്ട് പ്രധാന പ്രശ്നങ്ങളിലൊന്ന്, കുന്തിപ്പുഴ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡിന്റെ വീതികൂട്ടിയപ്പോൾ നാല് വണ്ടികൾക്ക് ഒരേ സമയം പോകാവുന്ന സാഹചര്യമുണ്ട്, പക്ഷേ റോഡിൽ ഡിവൈഡർ ഇല്ലാത്തത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. അവിടെ ഡിവൈഡർ നിർമ്മിക്കണം. കൂടാതെ, ഭൂമിയിൽനിന്ന് വെള്ളത്തിന്റെ ഉറവ വരുന്നതിനാൽ ഒരു ഭാഗത്തെ റോഡിന് സ്ഥിരമായി കേടുവരികയാണ്. അവിടെ ഒരു കൾവർട്ട് നിർമ്മിക്കുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപ്പോസലുമുണ്ട്. ഈ രണ്ട് കാര്യങ്ങളും നിലവിലുള്ള എൻ.എച്ച്.-ൽ തന്നെ ചെയ്യേണ്ടതാണ്. അതിനുവേണ്ടിയുള്ള അടിയന്തരമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും ബൈപ്പാസിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും ഇടപെടലുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാലക്കാട്-കോഴിക്കോട് എൻ.എച്ച്. 966-ൽ സ്ഥിതിചെയ്യുന്ന മണ്ണാർക്കാട് ഠൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കുമരംപുത്തൂരിൽ തുടങ്ങി ചൂരിയോടിൽ അവസാനിക്കുന്ന 8.5 കിലോമീറ്റർ ദൈർഘ്യമുള്ള മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണത്തിനായി 2014-15 വാർഷിക പദ്ധതിയിൽ 30 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയം ഉൾപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി ബൈപ്പാസ് നിർമ്മാണത്തിനുള്ള അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കൽ കേന്ദ്ര മന്ത്രാലയം 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയം അംഗീകരിച്ച കൺസൾട്ടന്റുമാരെക്കൊണ്ട് ഡി.പി.ആർ. തയ്യാറാക്കാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതനുസരിച്ച് മണ്ണാർക്കാട് ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി രണ്ട് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ സമർപ്പിച്ചില്ല. വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്ന് മാത്രമല്ല ഈ ലിസ്റ്റിലുള്ള ആളുകളോട് പ്രത്യേകം പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുമുണ്ട്. എൻ.എച്ച്. 966-ൽ നിലവിലുള്ള റോഡിന്റെ സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആറ് കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ, ഈ റോഡിലെ തകരാറിലായ കലുങ്കുകൾ പുനർനിർമ്മിക്കുന്നതിനുള്ള മുപ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

19. റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീമതി കെ. എസ്. സലീഖ: സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പൊതുമരാമത്ത് റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഏതാണ്ട് 100 കി.മീറ്റർ ദൂരമുള്ള 15 പി.ഡബ്ല്യു.ഡി. റോഡുകളും രണ്ട് സ്റ്റേറ്റ് ഹൈവേയും ആ മണ്ഡലത്തിലൂടെ കടന്നുപോകുന്നുണ്ട്. ഇതിൽ ഏറ്റവും ഗുരുതരമായിട്ടുള്ളത് മലപ്പുറം-

LIBRARY ARCHIVES Kerala Legislative Assembly